DESPATCHED
On..29.07.22

(41)

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **CP No. 890(2)/2018/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നമ്പർ: 13540/SIC-G6/2018 )

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. രമേഷ് നായർ,
അമ്പാടി, പടിഞ്ഞാറേതറ,
കുത്തനൂർ,
പാലക്കാട് - 678 721. } പരാതി ഹർജിക്കാരൻ

Vs

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ടെക്നിക്കൽ അസിസ്റ്റന്റ്,
ജലഅതോറിറ്റി, പി. എച്ച്. ഡിവിഷൻ,
പാലക്കാട്. } എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 01/10/2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 11/10/2018 |
| കമ്മീഷനിൽ പരാതി ഹർജി നൽകിയ തീയതി | 23/11/2018 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 26/11/2018 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 10/12/2018 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 22/12/2018 |
| കമ്മീഷൻ ഹിയറിംഗ് നടത്തിയ തീയതി | 21/06/2022 - ഓഡിയോ |
| ഹിയറിംഗ് സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ | ഹാജരായില്ല |
| എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. രമേഷ് നായർ, 23/11/2018 തീയതി സമർപ്പിച്ച പരാതി ഹർജി 26/11/2018 തീയതി ഓഫീസിൽ ലഭിക്കുകയും ആയത് CP.No. 890(2)/2018/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല എന്ന ആക്ഷേപമാണ്.

3. പരാതി ഹർജിക്കാരൻ 01/10/2018 തീയതിയിൽ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

1. മലമ്പുഴ ഡാം പ്രൊജക്ടുമായി ബന്ധപ്പെട്ട സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവ് നം. ആർ.ടി 805/09/ഡബ്ല്യു.ആർ.ഡി തീയതി 25/09/2009-ന് കേരള സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും
2. 2010-2018 കാലഘട്ടത്തിൽ മലമ്പുഴ ഡാമിൽ നിന്നും പാലക്കാട് ജില്ലയിലെ "കിൻഫ്ര" വ്യവസായ പാർക്കിന് ജലവിതരണം നടത്തിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ഏതളവുകോൽ പ്രകാരമെന്നും എന്തു വിലക്കെന്നും എത്ര അളവ് ജലമെന്നും ജലവിതരണം നടത്തിയിട്ടുള്ള കാലയളവ്(ദിവസകണക്കിൽ) വാർഷികാടിസ്ഥാനത്തിലും നൽകണമെന്നും
3. മലമ്പുഴ ഡാമിൽ നിന്നും കിൻഫ്രക്ക് ജലം നൽകുന്നതിനായി പൈപ്പ് ലൈൻ ഇടുന്നതുമായി ബന്ധപ്പെട്ട് എൻ.എച്.എ.ഐ, ഇന്ത്യൻ റെയിൽവേ, തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും നിരാക്ഷേപപത്രം ലഭിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ലഭ്യമാക്കണമെന്നാണ്.

മേൽപ്പടി ഹർജിയിന്മേൽ എതിർകക്ഷി 11/10/2018-ന് മറുപടി നൽകിയിട്ടുള്ളതുമാണ്.

4. എതിർകക്ഷി 20/12/2018-ൽ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ 10/12/2018-ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്കുള്ള ടി ഓഫീസിന്റെ മറുപടി 11/10/2018 പ്രകാരം നൽകിയിരുന്നുവെന്നും ടിയാന്റെ അപേക്ഷയിലെ ചോദ്യം നമ്പർ 1-ൽ പറയുന്ന ഉത്തരവ് ടി ഓഫീസുമായി ബന്ധപ്പെട്ടതല്ലെന്നും, ചോദ്യം 2, 3 എന്നിവക്ക് യഥാക്രമം പി.എച്ച്.സബ് ഡിവിഷൻ, കേരള വാട്ടർ അതോറിറ്റി, പാലക്കാട് ഓഫീസിൽ നിന്നും ഡബ്ല്യു.എസ്. പ്രൊജക്ട് ഡിവിഷൻ, കേരള വാട്ടർ അതോറിറ്റി, പാലക്കാട് ഓഫീസിൽ നിന്നും ലഭിക്കേണ്ടതായതിനാലും ടി ഓഫീസുകൾ

(43)

പ്രത്യേകം അധികാര സ്ഥാപനങ്ങളായതിനാലുമാണ് 18/05/2017 തീയതിയിൽ അപേക്ഷ കന് ടി ഓഫീസുകളിൽ പ്രത്യേകം അപേക്ഷകൾ നൽകുന്നതിനുള്ള നിർദ്ദേശം നൽകിയ തെന്നുമാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ കേട്ടതിലും, ഹർജിക്കാരന്റെ 01/10/2018-ലെ വിവരാവകാശ അപേക്ഷയ്ക്ക് 11/10/2018-ന് മറുപടി നൽകിയിരുന്നുവെന്നും, ടി അപേക്ഷയിലെ ചോദ്യം 1-ൽ പറയുന്ന ഉത്തരവ് ടി ഓഫീസുമായി ബന്ധപ്പെട്ടതല്ലെന്നും, ക്രമനമ്പർ 2, 3 എന്നിവയ്ക്കുള്ള മറുപടി പി.എച്ച്. സബ് ഡിവിഷൻ, കേരള വാട്ടർ അതോറിറ്റി, പാലക്കാട് എന്ന ഓഫീസിലേയ്ക്ക് ടി വിവരങ്ങൾക്കായി വിവരാവകാശ വകുപ്പ് 6(3) പ്രകാരം 5 ദിവസത്തിനകം കൈമാറി നൽകണമെന്നിരിക്കെ അപ്രകാരം പ്രവർത്തിച്ചിട്ടില്ലെന്ന് 20/12/2018-ലെ എതിർകക്ഷി യുടെ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയത് വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരം കുറ്റകരവും ശിക്ഷാർഹവുമാണ്. ആയതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ, ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാനു കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പ് പ്രകാരമുള്ള അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽകണ്ട് ബോധിപ്പിക്കു വാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2022 ജൂലൈ 11-ാം തീയതി കമ്മീഷൻ താൽക്കാലികമായി തീർപ്പാക്കുന്നു.

**(ഒപ്പ്)**
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

AV

STATE INFORMATION COMMISSION • KERALA, THIRUVANANTHAPURAM •

DESPATCHED
On 21/2/23


**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**

**തിരുവനന്തപുരം 695 001**

**ഫോൺ: 0471 2335199, ഫാക്സ്: 0471 2330920**

**E-mail: sic@kerala.nic.in**


**C.P.890(2)/2018/SIC തീർപ്പു കൽപിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No.13540/SIC-G6/2018**

**സന്നിഹിതൻ**

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീ. രമേഷ് നായർ,<br>അമ്പാടി പടിഞ്ഞാറേതറ,<br>കുത്തനൂർ,<br>പാലക്കാട്-678721 | പരാതി ഹർജിക്കാരൻ |
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>ടെക്നിക്കൽ അസിസ്റ്റന്റ്,<br>ജലഅതോറിറ്റി, പി.എച്ച്.ഡിവിഷൻ,<br>പാലക്കാട് | എതിർകക്ഷി |

**അന്തിമ ഉത്തരവ്**

മേൽ അപ്പീൽ ഹർജിയിന്മേൽ കമ്മീഷന്റെ 2022 ജൂലൈ മാസം 11-ാം തീയതിയിലെ ഉത്തരവു പ്രകാരം പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയിരുന്ന ശ്രീമതി. പി.ആർ. പദ്മിനി നൽകിയ വിശദീകരണം തൃപ്തികരമല്ല. ഹർജിക്കാരന്റെ 01.10.2018 ലെ അപേക്ഷയ്ക്ക് 11.10.2018 ന് മറുപടി നൽകിയിരുന്നുവെന്ന വാദം അംഗീകരിക്കുമ്പോൾ തന്നെ ക്രമനമ്പർ 2,3 എന്നിവയ്ക്കുള്ള മറുപടി അപേക്ഷകന് നേരിട്ട് ലഭ്യമാക്കുന്നതിനായി ടിയാന്റെ 6(1) വകുപ്പ് പ്രകാരമുള്ള അപേക്ഷയുടെ പകർപ്പ് പി.എച്ച്. സബ് ഡിവിഷൻ, കേരള വാട്ടർ അതോറിറ്റി, പാലക്കാട് ഓഫീസിലേയ്ക്ക് വിവരാവകാശ നിയമം 6(3) വകുപ്പ് പ്രകാരം 5 ദിവസത്തിനകം സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ കൈമാറി നൽകിയിട്ടില്ലെന്ന് കമ്മീഷന് ബോധ്യമാകുന്നു.

(മറുപുറം)

അതിനാൽ ടിയാളെ ശിക്ഷിക്കുവാനും, ശിക്ഷയായി 3000/- രൂപ (മൂവായിരം രൂപ മാത്രം) പിഴയിനത്തിൽ ശ്രീമതി. പി.ആർ. പദ്മിനി -യിൽ നിന്നും ഈടാക്കുവാനും കമ്മീഷൻ ഉത്തരവാകുന്നു.

ഈ ഉത്തരവ് കിട്ടി 30 ദിവസത്തിനകം പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയിരുന്ന ശ്രീമതി. പി.ആർ. പദ്മിനി 3,000/- രൂപ (മൂവായിരം രൂപ മാത്രം) "0070-60-118-99 Receipts Under the Right to Information Act, 2005" എന്ന ശീർഷകത്തിൽ പിഴ സംഖ്യ ഒടുക്കേണ്ടതും, വിവരം ചലാന്റെ അസൽ സഹിതം കമ്മീഷൻ സെക്രട്ടറിയെ അറിയിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം ടി തുക എതിർകക്ഷിയുടെ ശമ്പളത്തിൽ നിന്നും പിടിച്ച് മേൽപറഞ്ഞ ശീർഷകത്തിൽ സമയബന്ധിതമായി അടയ്ക്കുന്നകാര്യം ഓഫീസ് മേധാവി ഉറപ്പുവരുത്തേണ്ടതും കമ്മീഷൻ മുമ്പാകെ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. അല്ലാത്തപക്ഷം ടിയാളുടെ സ്ഥാവരജംഗമ വസ്തുക്കൾ ജപ്തി ചെയ്ത് ടി സംഖ്യ ഈടാക്കുന്നതാണ്. ഈ ഉത്തരവ് ഇന്നേ ദിവസം 2023 ജനുവരി മാസം 30 -ാം തീയതി കമ്മീഷൻ പുറപ്പെടുവിക്കുന്നു.

(ഒപ്പ്)

**ഡോ.കെ.എൽ.വിവേകാനന്ദൻ**
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)

dp